## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.546 29.10.2019-ൽ മറുപടിയ്ക്ക്

**നെയ്യാറ്റിൻകര പ്ലാമൂട്ടുകടയിൽ കെ.എസ്.എഫ്.ഇ. ശാഖ**

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പ്ലാമൂട്ടു കടയിൽ കെ.എസ്. എഫ്.ഇ. യുടെ പുതിയ ശാഖ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ ; | (എ) | പ്ലാമൂട്ടുകടയിൽ പുതിയ ശാഖ തുടങ്ങുന്നതിന് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | 2016 മുതൽ 2019 സെപ്റ്റംബർ വരെ തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ സ്ഥലങ്ങളിൽ കെ.എസ്. എഫ്.ഇ പുതിയ ശാഖകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) | പുതിയ ശാഖകൾ എവിടെയും ആരംഭിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ 6 പുതിയ ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ശാഖകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | കെ.എസ്.എഫ്.ഇ. യുടെ പുതിയ ശാഖ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ? | (സി) | സാധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽ നിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് |

| | | | |
|---|---|---|---|
| | | | ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാദ്ധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ